- നനഞ്ഞ കൈവിരൽ ഉപയോഗിച്ച് സ്വിച്ചുകൾ പ്രവർത്തിപ്പിക്കാതിരിക്കുക.
- വൈദ്യുതി ലൈനുകൾക്കു താഴെ മരങ്ങൾ നട്ടുപിടിപ്പിക്കരുത്. വൈദ്യുതി കമ്പികളിൽ പൊട്ടിവീഴാൻ സാധ്യതയുള്ള വിധത്തിൽ തെങ്ങ് തുടങ്ങിയ വൃക്ഷങ്ങൾക്ക് ഇരുമ്പു താങ്ങുകമ്പി കെട്ടരുത്.
- പഴകിയതും ചീത്തയായതുമായ ഉപകരണങ്ങളും വയറുകളും ഉപയോഗിക്കരുത്. ഇലക്ട്രിക് പോസ്റ്റിലോ സ്റ്റേവയറിലോ ചാരി നിൽക്കരുത്. അതിൽ കന്നുകാലികളെ കെട്ടരുത്, ചെടി പടരുവാൻ അനുവദിക്കരുത്.
- ടേബിൾ ഫാൻ ഉപയോഗിച്ച് തലമുടി ഉണക്കരുത്. സ്വിച്ച്, പ്ലഗ് മുതലായവയിൽ വസ്ത്രങ്ങൾ തൂക്കിയിടരുത്. അയഞ്ഞ വസ്ത്രം ധരിച്ചു കറങ്ങിക്കൊണ്ടിരിക്കുന്ന യന്ത്രത്തിന്റെ അടുത്തു ചെല്ലരുത്.
- വൈദ്യുതി കമ്പികൾക്കു സമീപം പട്ടം പറത്തരുത്.
- തീയണയ്ക്കുന്നതിനു വൈദ്യുതി ലൈനുകളിലോ ഉപകരണങ്ങളിലോ വെള്ളം കോരി ഒഴിക്കരുത്.
- കൃത്യമായ അളവിലുള്ള പ്ലഗുകൾ ലഭ്യമല്ലെങ്കിൽ ഒരിക്കലും വയറിന്റെ ഇൻസുലേഷൻ മാറ്റിയിട്ടു സോക്കറ്റിൽ ഘടിപ്പിക്കരുത്.
- വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ തട്ടാൻ സാദ്ധ്യതയുള്ള പ്രകാരം കമ്പി അയ കെട്ടരുത്.
- താല്ക്കാലിക വൈദ്യുതി ലൈറ്റുകളും വയറുകളും മറ്റു പ്രതിഷ്ഠാപനങ്ങളും ലോഹനിർമ്മിത തൂണുകളിലോ, ചുവരിലോ, കൂരയിലോ മുട്ടുന്ന രീതിയിൽ സ്ഥാപിക്കരുത്.
- കുട്ടികൾക്ക് കൈയ്യെത്തും വിധം വൈദ്യുതി സാമഗ്രികളോ ഉപകരണങ്ങളോ സ്ഥാപിക്കരുത്.
- ടെലിവിഷനിലേക്കും ബൂസ്റ്ററിലേക്കുമുള്ള സപ്ലൈ ഓഫാക്കിയതിനുശേഷം മാത്രമേ ആന്റിന ശരിയാക്കാൻ പാടുള്ളൂ.
- കേബിൾ ടി.വി.അഡാപ്ടറിന്റെ ഉൾവശത്ത് സ്പർശിക്കരുത്. വൈദ്യുതി പ്രവഹിക്കാത്ത അടപ്പ് ഉണ്ടെന്ന് ഉറപ്പുവരുത്തുക

**വൈദ്യുതി സുരക്ഷാനടപടികൾ പാലിക്കുക അപകടം ഒഴിവാക്കുക**




## വൈദ്യുതി സുരക്ഷാനടപടികൾ പാലിക്കുക അപകടം ഒഴിവാക്കുക

Chief Electrical Inspectorate Computer Centre

# കേരള സർക്കാർ ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്




# വൈദ്യുതി ഉപഭോക്താക്കളുടെ ശ്രദ്ധയ്ക്ക്

## വൈദ്യുതി സുരക്ഷാനടപടികൾ പാലിക്കുക അപകടം ഒഴിവാക്കുക

# വൈദ്യുതി അപകടങ്ങൾ എങ്ങനെ ഒഴിവാക്കാം

**വൈദ്യുതി അപകടങ്ങളുടെ മുഖ്യകാരണം അശ്രദ്ധയും അലംഭാവവുമാണ്. അപകടം ഒഴിവാക്കുന്നതിന് താഴെപറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക**

- മെയിൻ സ്വിച്ച് പ്രവർത്തനക്ഷമമായി വയ്ക്കുക.
- മെയിൻ സ്വിച്ചിലെ ഫ്യൂസിനേക്കാൾ ശേഷി കുറഞ്ഞ ഫ്യൂസ് ഉപസർക്യൂട്ടിൽ ഉപയോഗിക്കുക.
- കുറഞ്ഞത് രണ്ടു ഉപസർക്യൂട്ടുകൾ ഉപയോഗിക്കുക.
- ഒരു സർക്യൂട്ടിൽ ലൈറ്റ്, ഫാൻ, പ്ലഗ് മുതലായ പോയിന്റുകൾ 10 എണ്ണത്തിൽ കൂടരുത്.
- പോർട്ടബിൾ വൈദ്യുതോപകരണങ്ങൾ ഘടിപ്പിക്കുവാൻ ഡബിൾ / മൾട്ടി ഇൻസുലേറ്റഡ് വയറുകൾ മാത്രം ഉപയോഗിക്കുക. പ്ലാസ്റ്റിക് വയറുകൾ ഉപയോഗിക്കാതിരിക്കുക.
- മെയിൻ സ്വിച്ചിലും സർക്യൂട്ടിലും ന്യൂട്രലിൽ ലിങ്ക് സ്ഥാപിക്കുക. മെയിൻ സ്വിച്ചും പ്ലഗ് സോക്കറ്റുകളും നമ്പർ 14 ഗേജ് ചെമ്പുകമ്പി ഉപയോഗിച്ച് എർത്തു ചെയ്യുക.
- പ്ലഗ് സോക്കറ്റുകൾക്ക് സ്വിച്ച് ഘടിപ്പിക്കുക.
- പ്ലഗ് പോയിന്റുകളുടെ നിയന്ത്രണ സ്വിച്ചുകൾ നിർബന്ധമായും ഫേസിൽ ആയിരിക്കണം. പ്ലഗ് പിൻ ഇടുമ്പോഴും എടുക്കുമ്പോഴും അതിന്റെ സ്വിച്ച് ഓഫാണെന്ന് ഉറപ്പുവരുത്തുക. വയറിൽ പിടിച്ച് പ്ലഗ് ഊരാതിരിക്കുക.
- ഫ്യൂസിനു പകരം മിനിയേച്ചർ സർക്യൂട്ട് ബ്രേക്കറുകൾ സ്ഥാപിക്കുക.
- വയറിംഗിലും വൈദ്യുതി ഉപകരണങ്ങളിലും ഉണ്ടായേക്കാവുന്ന ചോർച്ചമൂലം ഉള്ള അപകടം ഒഴിവാക്കാൻ എർത്ത് ലീക്കേജ് സർക്യൂട്ട് ബ്രേക്കർ മെയിൻ സ്വിച്ചിനോടനുബന്ധിച്ച് സ്ഥാപിക്കുക.
- കൃത്യമായ വൈദ്യുതി വാഹക ശേഷിയുള്ള ഫ്യൂസ് വയറുകൾ ഉപയോഗിക്കുക.
- ശരിയായ രീതിയിൽ എർത്തിംഗ് ചെയ്യുക.

**വൈദ്യുതി സുരക്ഷാനടപടികൾ പാലിക്കുക അപകടം ഒഴിവാക്കുക**

- വൈദ്യുതി പ്രതിഷ്ഠാപനങ്ങളിൽ ജോലി ചെയ്യുമ്പോൾ വൈദ്യുതിയെ പ്രതിരോധിക്കുന്ന ഉപകരണങ്ങൾ (സ്ക്രൂ ഡ്രൈവർ, കട്ടിങ് പ്ലെയർ മുതലായവ) ഉപയോഗിക്കുക.
- ഐ.എസ്.ഐ. മുദ്രയുളളതോ തത്തുല്യമായ നിലവാരമുളളതോ ആയ ഉപകരണങ്ങളും സാമഗ്രികളും മാത്രം വയറിംഗിന് ഉപയോഗിക്കുക.
- 3 (മൂന്ന്) പിൻ ഉള്ള പ്ലഗ്ഗുകൾ മാത്രമേ ഉപയോഗിക്കാൻ പാടുള്ളൂ.
- ഒരു പ്ലഗ്ഗ് സോക്കറ്റിൽ ഒരു ഉപകരണം മാത്രമേ ഘടിപ്പിക്കുവാൻ പാടുള്ളൂ.
- പി.വി.സി.കോൺഡ്യൂട്ട് വയറിംഗിന് ഐ.എസ്.ഐ. അംഗീകാരമുള്ള റിജിഡ് പി.വി.സി. പൈപ്പുകൾ മാത്രം ഉപയോഗിക്കുക.
- പി.വി.സി.കോൺഡ്യൂട്ട് വയറിംഗിന് പൈപ്പിനകത്തു കൂടി 14 ഗേജ് കോപ്പർ വയർ എർത്ത് കണ്ടിന്യൂറ്റിക്കുവേണ്ടി ഉപയോഗിക്കുക.
- കൺസീൽഡ് വയറിംഗ് ചെയ്യുമ്പോൾ ഒരു കാരണവശാലും വയറുകൾ കോൺക്രീറ്റുമായോ സിമന്റ് പ്ലാസ്റ്ററുമായോ നേരിട്ട് ബന്ധപ്പെടാതിരിക്കാൻ ശ്രദ്ധിക്കുക.
- കെ.എസ്.ഇ.ബി.യുടെ (ലൈസൻസിയുടെ) സർവീസ് ലൈനിലോ മീറ്ററിലോ കട്ട് ഔട്ടിലോ തകരാറുകൾ കണ്ടാൽ സെക്ഷൻ ഓഫീസുമായി ബന്ധപ്പെടുക.
- വൈദ്യുതി ലൈനുകൾക്കു സമീപമുള്ള കെട്ടിടങ്ങളിൽ ടി. വി. ആന്റിന സ്ഥാപിക്കുമ്പോൾ അവ മറിഞ്ഞു വീണ് വൈദ്യുതി കമ്പികളുമായി ബന്ധപ്പെട്ടു അപകടം ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുക.
- വീടിന്റെ പരിസരത്ത് വളർത്തുന്ന വൃക്ഷങ്ങളുടെ ശാഖകൾ തൊട്ടടുത്തുകൂടി കടന്നുപോകുന്ന വൈദ്യുതി കമ്പികളുമായി ബന്ധപ്പെടാതിരിക്കാൻ വേണ്ട മുൻകരുതൽ നടപടികൾ എടുക്കുക.
- വൈദ്യുതി വയറിംഗിൽ എന്തെങ്കിലും മാറ്റം വരുത്തുമ്പോഴും കൂടുതൽ ഉപകരണങ്ങൾ ഘടിപ്പിക്കുമ്പോഴും സെക്ഷൻ ഓഫീസിൽ നിന്ന് മുൻകൂർ അനുവാദം വാങ്ങുക.
- വൈദ്യുതി വയറിംഗ് ശരിയായ രീതിയിൽ പരിപാലിക്കുക, ലൈസൻസും വേണ്ടത്ര പ്രായോഗിക പരിജ്ഞാനവുമുള്ളവരെക്കൊണ്ടു മാത്രം വയറിംഗിലെ അറ്റകുറ്റപ്പണികൾ ചെയ്യിക്കുക.

**വൈദ്യുതി സുരക്ഷാനടപടികൾ പാലിക്കുക അപകടം ഒഴിവാക്കുക**

- വൈദ്യുതി വയറിംഗിലോ ഉപകരണങ്ങളിലോ അറ്റകുറ്റപണികൾ ചെയ്യുന്നതിനു മുൻപ് വൈദ്യുതിബന്ധം വിച്ഛേദിക്കുക.
- വൈദ്യുതി ഉപകരണങ്ങളുടെയും സുരക്ഷാ ഉപകരണങ്ങളുടെയും ഗുണമേന്മ ഉറപ്പുവരുത്തുക.
- വൈദ്യുതി ഉപകരണങ്ങളുടെ ഉപയോഗത്തിനുശേഷം അവയുടെ വൈദ്യുതി ബന്ധം പൂർണമായും വിച്ഛേദിക്കുകയും സോക്കറ്റിൽ നിന്നും പ്ലഗ് മാറ്റുകയും ചെയ്യുക.
- വൈദ്യുതി ലൈനുകൾക്ക് താഴെ കെട്ടിടങ്ങൾ, ഷെഡുകൾ മുതലായവ പണിയുന്നതിന് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ മുൻകൂട്ടിയുള്ള അനുവാദം വാങ്ങിക്കുക.
- കാലാകാലങ്ങളിൽ വൈദ്യുതി ലൈനുകൾക്കു സമീപത്തുള്ള മരങ്ങൾ വെട്ടിമാറ്റുന്ന വൈദ്യുതി അധികൃതരുടെ പ്രക്രിയയുമായി സഹകരിക്കുക.
- ഷോക്കുമൂലം അപകടം പറ്റിയ വ്യക്തിയെ വൈദ്യുതി ബന്ധം വിച്ഛേദിച്ചതിനു ശേഷം മാത്രമേ സ്പർശിക്കാവൂ.
- ഇലക്ട്രിക് ഉപകരണത്തിലോ സമീപത്തോ തീപിടിത്തമുണ്ടായാൽ ആ ഭാഗത്തേക്കുള്ള വൈദ്യുതി ഓഫാക്കുക.
- ദീർഘകാലയളവിലേക്കു ഗൃഹങ്ങൾ അടച്ചിടേണ്ടുന്ന പക്ഷം മെയിൻ സ്വിച്ച് ഓഫാക്കാൻ ശ്രദ്ധിക്കുക.
- കേടായ വൈദ്യുതി ഉപകരണങ്ങൾ ഉടൻ തന്നെ നന്നാക്കുകയോ പകരം മറ്റൊന്നു ഉപയോഗിക്കുകയോ ചെയ്യുക.
- താൽക്കാലികവും അനധികൃതവുമായ മാറ്റങ്ങൾ വയറിംഗിൽ വരുത്താതിരിക്കുക.
- എർത്തിംഗ് സംവിധാനം വിച്ഛേദിക്കാതിരിക്കുക.
- ഫ്യൂസ് മാറ്റിയിടുമ്പോൾ ഫ്യൂസ് വയറിനു പകരം ചെമ്പുകമ്പി ഉപയോഗിക്കാതിരിക്കുക.
- വില കുറഞ്ഞതും താഴ്ന്ന നിലവാരമുള്ളതുമായ വൈദ്യുതോപകരണങ്ങൾ ഉപയോഗിക്കാതിരിക്കുക.
- പൊട്ടിക്കിടക്കുന്ന വൈദ്യുതി ലൈനുകളുമായി ബന്ധപ്പെടരുത്. മറ്റുള്ളവർ അതുമായി ബന്ധപ്പെടാതിരിക്കാനുള്ള മുന്നറിയിപ്പ് നൽകുക. അടുത്തുള്ള വൈദ്യുതി സെക്ഷൻ ഓഫീസിൽ ടി വിവരം ഉടൻ അറിയിക്കുക.

**വൈദ്യുതി സുരക്ഷാനടപടികൾ പാലിക്കുക അപകടം ഒഴിവാക്കുക**